# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2592** | **06/12/2018-ൽ മറുപടിയ്ക്ക്**

### ബാങ്കുകളുടെ ചൂഷണങ്ങളിൽ നിന്നുള്ള മോചനത്തിനായി കേരള ബാങ്ക് രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.പുരുഷൻ കടലുണ്ടി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | എ.ടി.എം. ട്രാൻസാക്ഷനു വരെ ചാർജ് ഈടാക്കുന്നത് പോലുള്ള എസ്.ബി.ഐ ഉൾപ്പെടെയുള്ള ബാങ്കുകളുടെ ചൂഷണങ്ങളിൽ നിന്നും മുക്തി നേടാൻ കേരള ബാങ്കിന്റെ രൂപീകരണത്തോടെ സാധ്യമാകുമോ എന്ന് വ്യക്തമാക്കുമോ; | (എ) | ദേശസാത്കൃത പുതു തലമുറ ബാങ്കുകളുടെ ചൂഷണത്തിൽ നിന്നും മുക്തി നേടാൻ കേരളാ ബാങ്കിന്റെ രൂപീകരണത്തോടെ സാധ്യമാകണമെന്നാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് നിലവിൽ റിസർവ് ബാങ്കിന്റെ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ? | (ബി) | ഇല്ല.<br>സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ RBI തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. റിസർവ് ബാങ്ക് മുന്നോട്ട് വച്ചിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ച് അന്തിമ അനുമതി ലഭ്യമാക്കുന്നതിനു വേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിന് 15 സബ് കമ്മിറ്റികൾ രൂപീകരിച്ച പ്രവർത്തനം പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ